**File No.TCPCTP/3134/2019-D3**

<u>**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**</u>
<u>**തിരുവനന്തപുരം**</u>

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - പയ്യന്നൂർ നഗരസഭ - കോറോം വില്ലേജ് -പെട്രോൾ പമ്പ് നിർമ്മാണം ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) പയ്യന്നൂർ നഗരസഭ സെക്രട്ടറിയുടെ 20/11/19 - ലെ E1/18173/19 നമ്പർ കത്ത്

2) കണ്ണൂർ ടൗൺ പ്ലാനറുടെ 11/12/19 -ലെ TCPKNR/2362/19-C നമ്പർ കത്ത്.

==========================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

TCPCTP/3134/19/D3 തീയതി : **01/01/2020**

==========================================================

<u>**ഉത്തരവ്**</u>

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ പരിധിയില്ലുള്ള കോറോം വില്ലേജിൽ റീസർവ്വേ നമ്പർ 52/5 -ൽ ഉൾപ്പെട്ട 169.50 സെന്റ് സ്ഥലത്ത് 158 **ച.മീ** (Sales building-30 ച.മീ + Canopy-128 ച.മീ) തറ വിസ്തീർണ്ണമുള്ള Group-I Occupancy ൽ -പ്പെട്ട പെട്രോളിയം റീറ്റെയ്ൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുത്തത്തി ഇല്ലത്ത് ദാമോദരൻ നമ്പൂതിരി-യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ-1999 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ=ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ -1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ. 1999-നും അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ

പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. പെട്രോളിയം റൂൾസ് 1976 സംബന്ധിച്ച് കെ.എം.ബി.ആർ-1999-ലെ ചട്ടം 59(9) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണാനുമതി നൽകുന്നതിന് മുമ്പ് നഗരസഭ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. ഉപരിതല ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സംവിധാനം ഒരുക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 166/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ**
**നഗരാസൂത്രക**

സെക്രട്ടറി, പയ്യന്നൂർ നഗരസഭ, കണ്ണൂർ.

പകർപ്പ് : 1) ശ്രീ. മുത്തത്തി ഇല്ലത്ത് ദാമോദരൻ നമ്പൂതിരി, മുത്തത്തി, കോറോം.പി.ഒ., കണ്ണൂർ-670 307.
2) ടൗൺ പ്ലാനർ, കണ്ണൂർ
3) വെബ്സൈറ്റ്
4) കരുതൽ ഫയൽ
5) അധികം